# മലയാളം പഠിക്കാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള ഭാഷാപാഠാവലി

തിരുവനന്തപുരം: അക്ഷരം, വാക്ക്, വാക്യം, വ്യാകരണം എന്നീ ക്രമത്തിൽ മലയാളഭാഷ പഠിക്കുന്നതിനുവേണ്ടി കേരള ഭാഷാപാഠാവലി എന്ന പേരിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകം ജനപ്രിയമാവുന്നു. 10 വയസ് മുതൽക്കുള്ള വിദ്യാർത്ഥികൾക്കുവേണ്ടി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ച കേരള ഭാഷാപാഠശാലയോടനുബന്ധിച്ചാണ് പുസ്തകം ഭാഷാ സ്നേഹികൾക്കുവേണ്ടി പ്രസിദ്ധീകരിച്ചത്.

മലയാളം തെറ്റുകൂടാതെ എഴുതാനും ഉച്ചരിക്കാനും കഴിയുന്ന മലയാളികൾ കുറവാണെന്ന ബോധ്യത്തിൽ നിന്നാണ് കുട്ടികളിൽ ഭാഷാസിദ്ധി വളർത്താനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭാഷാപാഠശാലയ്ക്കും ഭാഷാപാഠാവലിക്കും തുടക്കം കുറിച്ചത്. പ്രാഥമികതലം മുതൽ ഉച്ചാരണത്തിൽ ശ്രദ്ധപുലർത്തിയാലേ അക്ഷരങ്ങൾ വ്യക്തതയോടെ ഉച്ചരിക്കാൻ കഴിയൂ. ഇതിനായി പ്രഗല്ഭരായ ഭാഷാദ്ധ്യാപകരാൽ പഠിതാക്കൾക്ക് കേരള ഭാഷാപാഠശാല നാട്ടറിവിന്റെയും ഉച്ചാരണത്തിന്റെയും പദപ്രയോഗത്തിന്റെയും വിശാലലോകം തുറന്നുകൊടുക്കുകയാണ് ലക്ഷ്യമിട്ടുന്നത്. ഇതിനോടനുബന്ധിച്ചാണ് ഭാഷാപഠിതാക്കൾക്ക് വേണ്ടി കേരള ഭാഷാപാഠാവലിയെന്ന പുസ്തകം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചത്.




അ എന്ന അക്ഷരത്തിൽ അമ്മ, അലമാര, അരണ എന്ന് ചിത്രങ്ങൾ സഹിതമാണ് പഠിക്കുന്നത്. കൂട്ടക്ഷരപ്പാട്ടുകൾ, കുഞ്ചൻ നമ്പ്യാർ, കുഞ്ഞുണ്ണി, വട്ടപ്പറമ്പിൽ പീതാംബരൻ, സിപ്പി പള്ളിപ്പുറം, മടവൂർ കൃഷ്ണൻകുട്ടി എന്നിവരുടെ അക്ഷരമാലപ്പാട്ടുകൾ, അക്ഷരാവർത്തനപ്പാട്ടുകൾ, വയലാർ, ഉള്ളൂർ, കുമാരനാശാൻ, വള്ളത്തോൾ, ഒ. എൻ. വി, പന്തളം കേരളവർമ, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ, ബി. സന്ധ്യ, അപ്പൻ തച്ചേത്ത്, ഡോ. ബിജു ബാലകൃഷ്ണൻ, സപ്പപുരം അപ്പുക്കുട്ടൻ, പി.കെ. ശങ്കരൻകുട്ടി, വി. എം. രാജമോഹൻ, ഗിരീഷ് പുലിയൂർ, കൊടക്കാട് ശ്രീധരൻ, പി.കെ. ഗോപി തുടങ്ങിയവരുടെ ബാലകവിതകൾ, വായ്ത്താരികൾ, ഒറ്റശ്വാസത്തിൽ വായിക്കാനുള്ളതും നാടോടിസാഹിത്യവും ഉൾപ്പെടുന്നതാണ് പുസ്തകത്തിന്റെ ഉള്ളടക്കം. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും വഴികൾ തിരിച്ചറിയാനുതകുന്നതാണിത്.